**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1433** **18-01-2021 - ൽ മറുപടിയ്ക്ക്**

**ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ് ,<br>ശ്രീ . വി കെ പ്രശാന്ത്,<br>ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. പി.വി.അൻവർ | | Shri E. Chandrasekharan<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ സ്വീകരിച്ചുവരുന്ന ഊർജ്ജിത നടപടികളുടെ ഫലമായി ഭവനരഹിതരില്ലാത്ത കേരളം എന്ന സ്വപ്നം സാക്ഷാത്ക്കരിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി പാരസ്പര്യം പദ്ധതി, ബോർഡിന്റെ തനത് ഫണ്ട് ഉപയോഗിച്ച് കൊണ്ടുള്ള പദ്ധതികൾ, കൺസൾട്ടൻസി വർക്കുകൾ, കിഫ്ബിയുടെ ധനസഹായം ഉപയോഗിച്ചുകൊണ്ട് വിവിധ റവന്യൂ ടവറുടകളുടെയും ആശുപത്രികളുടെയും നിർമ്മാണവും നടത്തി വരുന്നു. ബോർഡിന്റെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി അനുയോജ്യമായ പദ്ധതികൾ നടപ്പിലാക്കാനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. പട്ടം, പി.റ്റി. ചാക്കോ നഗർ എന്നിവിടങ്ങളിൽ കൊമേർഷ്യൽ കോംപ്ലക്സ് പണിത് ബോർഡിന്റെ വരുമാനം കൂട്ടാനുള്ള പദ്ധതികൾക്കും, അമ്പല നഗർ പാരസ്പര്യം ഫ്ലാറ്റ്സ് (തിരുവനന്തപുരം), നെട്ടയം പാരസ്പര്യം ഭവന പദ്ധതി (തിരുവനന്തപുരം), പ്രവാസി തൊഴിലാളികൾക്ക് അഫോർഡബിൾ ഫ്ലാറ്റ്സ്, പാരസ്പര്യം പദ്ധതി (കോഴിക്കോട്) എന്നീ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ചെലവ് കുറഞ്ഞ വീട് എന്ന ആശയം ഉൾക്കൊണ്ടുകൊണ്ട് ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | ചെലവു കുറഞ്ഞ വീട് എന്ന ആശയം ഉൾക്കൊണ്ട് കൊണ്ട് കോഴിക്കോട് മെഡിക്കൽ കോളേജ് ഭവന പദ്ധതി സ്റ്റേജ് II-ൽ പാരസ്പര്യം മാതൃകയിൽ 72 ഫ്ലാറ്റുകൾ നിർമ്മിക്കുന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ ദുർബല വിഭാഗക്കാർക്കായി കണ്ണൂർ ജില്ലയിലെ പട്ടുവത്തും, കോഴിക്കോട് ജില്ലയിലെ മുക്കത്തും ചെലവ് കുറഞ്ഞ രീതിയിൽ 36 ഫ്ലാറ്റുകൾ വീതം ഉൾക്കൊള്ളാവുന്ന ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്ന പദ്ധതിയും പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| (സി) | ചെലവ് കുറഞ്ഞ കെട്ടിട നിർമ്മാണ സാങ്കേതിക വിദ്യ സംബന്ധിച്ച് പൊതുജനങ്ങൾക്കും സാങ്കേതിക വിദഗ്ദ്ധർക്കും അവബോധം നൽകുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ; | (സി) | ചെലവ് കുറഞ്ഞ കെട്ടിട നിർമ്മാണ സാങ്കേതിക വിദ്യ സംബന്ധിച്ച് പൊതുജനങ്ങൾക്കും സാങ്കേതിക വിദഗ്ധർക്കും അവബോധം നൽകുന്ന നടപടികൾ ഇപ്പോൾ ഇല്ല. |
| (ഡി) | ചെലവ് കുറഞ്ഞതും ഗുണമേന്മയേറിയതുമായ കെട്ടിട നിർമ്മാണ സാമഗ്രികൾ ഉല്പാദിപ്പിക്കുന്ന യൂണിറ്റുകൾ ഭവന നിർമ്മാണ ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | ചെലവ് കുറഞ്ഞതും ഗുണമേന്മയേറിയതുമായ കെട്ടിട നിർമ്മാണ സാമഗ്രികൾ ഉൽപാദിപ്പിക്കുന്ന യൂണിറ്റുകൾ ഭവന നിർമ്മാണ ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ